# മന്ത്രിസഭാ തീരുമാനങ്ങൾ

## (16.09.2009)

- സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയെ നാടുകടത്തിയതിന്റെ ശതാബ്ദി വർഷ ത്തിൽ അദ്ദേഹത്തിന്റെ ഓർമ്മ സമുചിതമായി ആചരിക്കുന്നതിന് സ്റ്റാമ്പും നാണയവും പുറത്തിറക്കുവാൻ കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെടുവാൻ തീരു മാനിച്ചു.

- അനെർട്ടിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദവും ജനോപകരാപ്രദമാക്കുന്ന തിനും സമ്പൂർണ്ണ ഊർജ്ജമിഷന്റെ പ്രവർത്തനങ്ങൾക്ക് സഹായമാകുംവിധം പുനഃസംഘടിപ്പിക്കുന്നതിനും തീരുമാനിച്ചു.

- ആരോഗ്യവകുപ്പിൽ ഏർപ്പെടുത്തിയതുപോലെ മൃഗസംരക്ഷണവകുപ്പിലെ ഏറ്റവും മികച്ച വെറ്റിനറി സർജൻ, ഫാം ഓഫീസർ, ലൈവ്സ്റ്റോക്ക് ഇൻസ്പെ ക്ടർ എന്നിവരെ ഓരോ വർഷവും തെരഞ്ഞെടുക്കുകയും അവർക്ക് പ്രശസ്തി പത്രവും ക്യാഷ് അവാർഡും ഏർപ്പെടുത്തുവാനും തീരുമാനിച്ചു. മികച്ച വെറ്റിനറി സർജനും ഫാം ഓഫീസർക്കും പതിനായിരം രൂപയും ലൈവ്സ്റ്റോക്ക് അസിസ്റ്റന്റിന് അയ്യായിരം രൂപയുമായിരിക്കും ക്യാഷ് അവാർഡ്.

- രാഷ്ട്രീയ മാധ്യമിക് ശിക്ഷ്യ അഭിയാൻ (ആർ.എം.എസ്.എ) സംസ്ഥാനത്ത് നടപ്പി ലാക്കാൻ തീരുമാനിച്ചു. സെക്കണ്ടറി വിദ്യാഭ്യാസത്തെ ഗുണമേന്മ വർദ്ധിപ്പിക്കുക, അവസരതുല്യത ഉറപ്പാക്കുക തുടങ്ങിയ ലക്ഷ്യങ്ങളാണ് ഈ പദ്ധതിക്ക് ഉള്ളത്.

- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തികനില അവലോകനം ചെയ്യുന്ന തിനും നിലമെച്ചപ്പെടുത്തുന്നതിനും വേണ്ട ശുപാർശകൾ സമർപ്പിക്കുന്നതിനു വേണ്ടിയുള്ള നാലാം ധനകാര്യകമ്മീഷൻ (സ്റ്റേറ്റിനുള്ള കമ്മീഷൻ) പ്രൊഫ. എം.എ. ഉമ്മൻ ചെയർമാനും തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൾ സെക്രട്ടറി എസ്.എൻ. വിജയാനന്ദ്, ഫൈനാൻസ് സെക്രട്ടറി നിഷിത റോയ് എന്നിവർ അംഗ ങ്ങളുമായി സംഘടിപ്പിക്കുവാൻ തീരുമാനിച്ചു.

- ഒളിമ്പ്യൻ പ്രീജാ ശ്രീധരന് വീട് വെയ്ക്കാൻ പത്ത് ലക്ഷം രൂപ അനുവദിക്കു വാൻ തീരുമാനിച്ചു. ദേശീയ-അന്തർദേശീയ മത്സരങ്ങളിൽ പങ്കെടുത്ത് നിരവധി മെഡലുകൾ കരസ്ഥമാക്കിയ വ്യക്തിയാണ് പ്രീജാ ശ്രീധരൻ.

- കേന്ദ്ര ഡെപ്യൂട്ടേഷനിൽ നിന്നും മടങ്ങിയെത്തിയ യു.കെ.എസ്. ചൗഹാനെ പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയായി നിയമിക്കുവാൻ തീരുമാനിച്ചു. അദ്ദേഹം

സ്പോർട്സ് ആന്റ് യൂത്ത് അഫയേഴ്സ് സെക്രട്ടറിയുടേയും നാഷണൽ ഗെയിംസ് സ്പെഷ്യൽ ആഫീസറുടേയും അധിക ചുമതല വഹിക്കും. അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. പി. പ്രഭാകരനെ ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയായി നിയമിക്കുവാൻ തീരുമാനിച്ചു. ട്രാൻസ്പോർട്ട് സെക്രട്ടറി ശ്രീ ടി.കെ. മനോജ്കുമാറിനെ ഫിഷറീസ് സെക്രട്ടറിയുടെ അധിക ചുമതല നൽകി. പോർട്ട് സെക്രട്ടറി സജ്ജീവ് കൗശിക്കിന് കെ.എസ്.ടി.പി. പ്രോജക്ട് ഡയറക്ടറുടെ അധിക ചുമതല നൽകി. കാർഷിക വികസന ബാങ്ക് എം.ഡി.യായി നിയമിക്കുന്നതന് കെ.എസ്.ടി.പി. പ്രോജക്ട് ഡയറക്ടറായ എ.കെ. ധരണി ഐ.എ.എസ്സിന്റെ സേവനം സഹകരണ വകുപ്പിന് വിട്ടുകൊടുത്തു

✲✲✲✲✲✲